DESPATCHED
On.22/9/22..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 730(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 9076/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 23**

ശ്രീ. അബ്ദുൽ റഹീം,
പൂക്കത്ത് ഹൗസ്,
പന്താരങ്ങാടി പി.ഒ.,
മലപ്പുറം – 676 306. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ്,
മലപ്പുറം.
2) അപ്പീൽ അധികാരി &
റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ,
റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ്,
മലപ്പുറം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/02/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 14/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അബ്ദുൽ റഹീം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും വ്യക്തമായ രീതിയിൽ മറുപടി എതിർകക്ഷികൾ നൽകാത്തതിനാലാണ് രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നും, ആയതിനാൽ ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ/വിവരം നൽകുന്നതിൽ എതിർകക്ഷികൾ വീഴ്ച വരുത്തതിനാൽ ആവശ്യപ്പെട്ട രേഖകൾ

സൗജന്യമായി നൽകണമെന്നും, ഭരണഘടനാ ലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന നിയമനടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 25.01.2022–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ 16.12.2021–ലെ സേവനാവകാശ അപേക്ഷയിൽ ചെമ്മാട് അങ്ങാടിയിലെ ബ്ലോക്കും അനധികൃത പാർക്കിംഗ് വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. മേൽപ്പടി പരാതി കൈകാര്യം ചെയ്ത ഫയൽ നമ്പർ;

ii. ടി പരാതിയുടെ ദിവസേനയുള്ള പുരോഗതി വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ്;

iii. ടി പരാതിയിൽ സ്വീകരിച്ച മേൽനടപടികൾ വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ്;

iv. ഫയൽ കുറിപ്പുകൾ അടക്കം ടി ഫയലിലെ മുഴുവൻ പേജുകളുടെയും പകർപ്പ് തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.02.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 14.03.2022 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 31.03.2022 –ന് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ സേവനാവകാശ അപേക്ഷയിൽ തിരൂരങ്ങാടി – ചെമ്മാട് ഹൈവേയിലെ ഗതാഗത കുരുക്കും അത് മുഖേന പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും വികസന പ്രവർത്തനങ്ങൾക്കുള്ള തടസ്സവുമാണെന്നും ടി പ്രദേശം സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പരിധിയിലായതിനാൽ പ്രസ്തുത വിഷയത്തിൽ പരിഹാരം അവലംബിക്കുന്നതിനു തിരൂരങ്ങാടി ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 04.07.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.അബ്ദുൽ റഹീം മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഔദ്യോഗിക മെയിലിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് 1999 പ്രകാരം, തിരൂരങ്ങാടി – ചെമ്മാട് പാതയിൽ റോഡ് കൈയ്യേറുന്നത് കാരണം ഗതാഗതകുരുക്ക് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ

സൃഷ്ടിക്കുകയും, ഇത് കാരണം റോഡപകടങ്ങൾ വർദ്ധിക്കുകയും ഇതിനു പരിഹാരം കണ്ടെത്തുന്നതിനായി ആവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിനായിട്ടാണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും ഗതാഗത കമ്മീഷണറുടെ എ5/18331/2012/റ്റി.സി. 20.4.2013–ലെ ഉത്തരവനുസരിച്ച് കെ.ആർ.എസ്. ആക്ട്–2012 18.8.2012–ൽ 47 സേവനങ്ങളാണ് ഈ വകുപ്പിന്റെ സേവനാവകാശ പരിധിയിൽ വരുന്നതെന്നും കൂടാതെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട്–1999 അനുസരിച്ച് ഹൈവേയിലെ കൈയ്യേറ്റവും മറ്റും സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ആയതിനു നിയോഗിച്ചിട്ടുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ(റോഡ്സ്) ഹൈവേയിൽ നിക്ഷിപ്തമാണെന്നും എന്നിരുന്നാലും വാഹന ഗതാഗതവുമായി ബന്ധപ്പെട്ട ആക്ഷേപമായതിനാൽ താലൂക്ക് തലത്തിലുള്ള റോഡ് സേഫ്റ്റി അതോറിറ്റിയിൽ ഇത് സംബന്ധിച്ച തീരുമാനങ്ങളും നടപടികളും സ്വീകരിക്കാമെന്നതിൽ തിരൂരങ്ങാടി താലൂക്ക് റോഡ് സേഫ്റ്റി കൺവീനർ കൂടി ആയ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ തിരൂരങ്ങാടിക്ക് ഇത് സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് അയക്കുന്നതിന് വേണ്ടി ഈ ഓഫീസിൽ നിന്നും മെയിൽ അയച്ചിട്ടുണ്ടെന്നും കൂടാതെ മേൽ പരാതിയിൽ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 23.3.2022–ൽ സബ് ആർ.ടി.ഒ. തിരൂരങ്ങാടിയിലേക്ക്, ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ബന്ധപ്പെട്ട ഓഫീസിൽ കൈമാറിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ.യ്ക്ക് സംഭവിച്ച വീഴ്ച ഹിയറിംഗ് സമയത്ത് സമ്മതിക്കുകയും ഭാവിയിൽ വിവരാവകാശ നിയമങ്ങൾക്ക് അനുസൃതമായി വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതാണെന്നും കമ്മീഷനെ അറിയിക്കുകയുണ്ടായി. എസ്.പി.ഐ.ഒ. വിവരാവകാശ നിയമം നന്നായി വായിച്ചു മനസ്സിലാക്കി ആക്റ്റിലെ നടപടിക്രമങ്ങൾ പാലിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചും മേൽ വീഴ്ച ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ.യെ ശക്തമായി താക്കീത് ചെയ്തു. എസ്.പി.ഐ.ഒ.യും, അപ്പീൽ അധികാരിയും ഹർജിക്കാരന്റെ അപേക്ഷ ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച് അപേക്ഷകന് ഒരിക്കൽ കൂടി വ്യക്തമായ മറുപടി നൽകണമെന്ന് കമ്മീഷൻ എസ്.പി.ഐ.ഒ. യോട് നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി